## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1113

13.06.2013ൽ
മറുപടിക്ക്

# മണൽ വാരുന്നതിനുള്ള നിരോധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള : | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) | |
| (എ) | മണൽ വാരുന്നതിനുള്ള നിയന്ത്രണ നിയമം വ്യത്യസ്ത ജില്ലകളിൽ വ്യത്യസ്ത രീതിയിലാണ് നടപ്പാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കടുത്ത കുടിവെള്ള ക്ഷാമം നേരിടുണതിനാൽ മലപ്പുറം ജില്ലയിൽ മണലെടുപ്പ് നിരോധിച്ചെങ്കിലും തൊട്ടടുത്ത് കോഴിക്കോട് ജില്ലയിൽ നിർബാധം മണലെടുപ്പ് തുടരുന്ന കാര്യം അറിവുണ്ടോ ; കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടും സംസ്ഥാനത്ത് വ്യത്യസ്ത ജില്ലകളിൽ വ്യത്യസ്ത നിയമം നടപ്പിലാക്കുന്ന ഈ സ്ഥിതി ഒഴിവാക്കുമോ ; | (ബി) | മലപ്പുറം ജില്ലയിൽ 2013 മേയ് മാസം രൂക്ഷമായ കുടിവെള്ളക്ഷാമം മൂലം മണലെടുപ്പ് നിരോധിച്ചെങ്കിലും സമീപ ജില്ലയായ കോഴിക്കോട് ജില്ലയിൽ മണലെടുപ്പ് തുടരുന്നുണ്ട്. 2002-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം 9 (എൽ) പ്രകാരം ഒരു വർഷത്തിലെ ഏതെങ്കിലും കാലയളവിൽ നദിയിൽ നിന്നോ കടവിൽ നിന്നോ മണൽ വാരുന്നത് നിരോധിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. എന്നാൽ കൃത്യമായ കാലയളവിൽ ഉണ്ടാവുന്ന അന്തരീക്ഷ വ്യതിയാനങ്ങൾ കൂടി പരിഗണിച്ച് ജില്ലാ വിദഗ്ധ സമിതിയുടെ അംഗീകാരത്തോടെ നിരോധനം ഏർപ്പെടുത്തുന്നതായാണ് കണ്ടു വരുന്നത്. |
| (സി) | മണൽ വാരുന്നതിനുള്ള നിയന്ത്രണം സംസ്ഥാനത്ത് എല്ലായിടത്തും ഒരുപോലെ നടപ്പിലാക്കുമോ ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ